(ഡി) വി.ഇ.ഒ. ഗ്രേഡ്-I-ലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുമ്പോഴും വി.ഇ.ഒ. ഗ്രേഡ്-II ജീവനക്കാർ വിരമിക്കുന്ന മുറയ്ക്കുമാണ് നിലവിൽ വി.ഇ.ഒ. ഗ്രേഡ്-II തസ്തികയിൽ ഒഴിവുകളുണ്ടാകുന്നത്.

(ഇ) സംസ്ഥാനതലത്തിൽ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ വി.ഇ.ഒ. ഗ്രേഡ്-I-ന് എക്സ്റ്റൻഷൻ ഓഫീസർമാരായി പ്രൊമോഷൻ നൽകുമ്പോൾ വി.ഇ.ഒ. ഗ്രേഡ്-II-ന് വി.ഇ.ഒ. ഗ്രേഡ് - I-ലേയ്ക്കുള്ള സ്ഥാനക്കയറ്റം നൽകുന്നതുവഴിയാണ് പ്രധാനമായും വി.ഇ.ഒ. ഗ്രേഡ് -II-ൽ ഒഴിവുകളുണ്ടാകുന്നത്. ആയതിനാൽ കണ്ണൂർ ജില്ലയിൽ മാത്രം എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് മുൻകൂട്ടി പറയുവാൻ കഴിയില്ല.

**വിജിലൻസ് സി.ടി.പി.-യുടെ പരിശോധന**

194(3626) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ജനുവരി മുതൽ വിജിലൻസ് സി.റ്റി.പി (ചീഫ് ടൗൺ പ്ലാനർ)പരിശോധന നടത്തി കണ്ടെത്തിയ കേസുകൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(ബി) വിജിലൻസ് സി.ടി.പി. കണ്ടെത്തിയ കേസുകൾ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) നിയമലംഘനം റിപ്പോർട്ട് ചെയ്തെത്ര കേസ്സുകളിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) 2018-ൽ ഏതെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിജിലൻസ് സി.ടി.പി. പരിശോധന നടത്തിയിട്ടുണ്ട്; കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഇ) ഏതെല്ലാം ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസുകളിൽ പരിശോധന നടത്തിയിട്ടുണ്ട്; കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**ഉത്തരം**

(എ) 2018 ജനുവരി മുതൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നേതൃത്വം നൽകുന്ന തദ്ദേശസ്വയംഭരണ വകുപ്പ് വിജിലൻസ് വിംഗ് പരാതി പരിശോധനയിലൂടെയും മിന്നൽ പരിശോധനയിലൂടേയും സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി 323 പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. തയ്യാറാക്കിയ പരിശോധനാ റിപ്പോർട്ടുകൾ എല്ലാം സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) നിയമലംഘനമുൾപ്പെടെ സർക്കാരിലേയ്ക്ക് ലഭിച്ച എല്ലാ അന്വേഷണ റിപ്പോർട്ടുകളിന്മേലും തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) 2018-ൽ പുളിമാത്ത് പഞ്ചായത്ത്, കൊട്ടാരക്കര നഗരസഭ, പത്തനാപുരം പഞ്ചായത്ത് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തിയിട്ടുള്ളതാണ്. അവയുടെ പരിശോധന റിപ്പോർട്ടുകളുടെ തയ്യാറാക്കൽ പുരോഗമിച്ചുവരുന്നു.

(ഇ) 2018-ൽ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസുകളിൽ പരിശോധന നടത്തിയിട്ടില്ല.

## ഓട്ടോ/ടാക്സി സ്റ്റാൻഡുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

195(T* 3627) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടോ/ടാക്സി സ്റ്റാൻഡുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ; ഇതിലേയ്ക്ക് നിലവിലുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) നിശ്ചിത മാനദണ്ഡം പാലിക്കാതെ ഡ്രൈവർമാർക്ക് സ്വന്തമായി സ്റ്റാൻഡുകൾ നിർമ്മിക്കാൻ അനുവാദം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അനധികൃതമായുള്ള സ്റ്റാൻഡുകൾ മാറ്റുന്നതിന് ആർക്കാണ് പരാതി നൽകേണ്ടതെന്ന് വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിനും ജനറൽ ആശുപത്രിയുടെയും മുന്നിൽ തമ്പുരാൻമുക്ക് ഭാഗത്തേയ്ക്ക് പോകുന്ന ഫ്രീ ലെഫ്റ്റ് തടസ്സപ്പെടുത്തികൊണ്ട് ഓട്ടോസ്റ്റാന്റ് നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ജനറൽ ആശുപത്രിയിൽനിന്നും പുറത്തേയ്ക്ക് വരുന്ന വാഹനങ്ങൾ ഉൾപ്പെടെ തടസ്സംവരുന്ന വിധത്തിലുള്ള അനധികൃത ഓട്ടോസ്റ്റാൻഡ് മാറ്റി സ്ഥാപിക്കാത്തതെന്തുകൊണ്ട്; വ്യക്തമാക്കുമോ ;

(ഡി) ഗതാഗത തടസ്സംവരുന്ന പ്രസ്തുത ഓട്ടോസ്റ്റാൻഡ് മാറ്റുന്നതിന് നിർദ്ദേശം നൽകുമോ ?

### ഉത്തരം

(എ) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 472 അനുസരിച്ചാണ് നഗരസഭകളിൽ ഓട്ടോ/ടാക്സി സ്റ്റാൻഡുകൾ അനുവദിക്കുന്നത്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് മൂന്നാം പട്ടിക പ്രകാരം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക ഗ്രാമപഞ്ചായത്തുകളുടെ

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.